## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. T 3233 — 29.01.2014 - ൽ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) (ബി) സംസ്ഥാനത്തെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്ത ബി.പി.എൽ. / 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള തൊഴിൽ രഹിതർക്ക് പലിശയിളവ് നൽകുന്നതിനുള്ള സ്കീമുകൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതു കാലയളവിൽ വായ്പ എടുത്തവരുടെ പലിശയാണ് എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നത് ; | |
| (സി) ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; | (സി) ഉണ്ട്. |

(---------2)

(ഡി) എങ്കിൽ അതിന്മേലുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കോട്ടയം ജില്ലയിൽ 2483 –ഉം, എറണാകുളം ജില്ലയിൽ 285 –ഉം, തൃശ്ശൂർ ജില്ലയിൽ 470 –ഉം, പാലക്കാട് ജില്ലയിൽ 148 –ഉം, കാസർഗോഡ് ജില്ലയിൽ 43 –ഉം അപേക്ഷകൾ (ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ) ലഭിച്ചതിന് പലിശ സബ്സിഡി അനുവദിക്കാനായി ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്.

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഏതാനും അപേക്ഷകൾ ഫണ്ട് അനുവദിക്കാനായി ജില്ലാ കളക്ടർമാരിൽ നിന്നു അടുത്തയിടെ ലഭിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്.

ഇനിയും ഫണ്ട് അനുവദിക്കുവാൻ ശേഷിക്കുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്ന് ആവശ്യമായ ഫണ്ട് സംബന്ധിച്ച നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക്, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഫണ്ട് അനുവദിക്കുന്നതാണ്.

3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗക്കാർക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ വിവിധ ജില്ലാ കളക്ടറേറ്റുകളിൽ പരിശോധിച്ചു വരുന്നു.

(---------3)

(ഇ) പ്രസ്തുത കാലയളവിനുള്ളിൽ പലിശ തിരിച്ചടച്ചിട്ടുള്ളവരുടെ പലിശ തുക ലോൺ സംഖ്യയിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ ?

(ഇ) പ്രസ്തുത നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ